# പതിനാലാം കേരള നിയമസഭ

## പതിമൂന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 161

05/12/2018 ൽ മറുപടിക്ക്

**ശബരിമല യുവതി പ്രവേശം**

ചോദ്യം

ശ്രീ.ഐ.സി.ബാലകൃഷ്ണൻ
ശ്രീ.എ.പി.അനിൽ കുമാർ
ശ്രീ.അനിൽ അക്കര

മറുപടി

പിണറായി വിജയൻ
(മുഖ്യ മന്ത്രി)

| | | | |
|---|---|---|---|
| (എ) | ശബരിമല യുവതി പ്രവേശം സംബന്ധിച്ച സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ മണ്ഡല-മകരവിളക്ക് കാലത്ത് ശബരിമലയിൽ യുവതി പ്രവേശം സാധ്യമാക്കുന്നതിന് സർക്കാർ ഏതെങ്കിലും തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | മണ്ഡല-മകരവിളക്ക് കാലത്ത് ശബരിമലയിൽ എത്തുന്ന എല്ലാ ഭക്ത ജനങ്ങൾക്കും സുരക്ഷിതമായി ദർശനം നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിനായി ഹെലികോപ്റ്ററിലൂടെയുള്ള നിരീക്ഷണം ഉൾപ്പെടെയുള്ള സംവിധാനം ഒരുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (ബി) യും (സി) | ഉണ്ട്. സുരക്ഷയുടെ ഭാഗമായി മുൻ വർഷങ്ങളിൽ ചെയ്തു വരുന്നതു പോലെ നാവിക സേനയുടെയും വായു സേനയുടെയും സഹായത്തോടെ ആകാശ നിരീക്ഷണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുള്ള ചെലവ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമായിട്ടില്ല. |
| (സി) | ഇതിനായി ഹെലികോപ്റ്റർ വാടകയ്ക്ക് എടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന് എന്ത് തുക ചെലവ് പ്രതീക്ഷിക്കുന്നുവെന്ന് അറിയിക്കാമോ; | | |
| (ഡി) | മണ്ഡല-മകരവിളക്ക് കാലത്ത് ശബരിമലയിലും പമ്പയിലും വിന്യസിക്കുന്ന പോലീസുകാരുടെ താമസ സൗകര്യത്തിനും വിശ്രമത്തിനും നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണോ; ഇല്ലെങ്കിൽ അതിനായി അധിക സംവിധാനം ഒരുക്കണമെന്ന് ദേവസ്വം ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ കാര്യങ്ങൾ ഒരുക്കുവാനാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) | പോലീസ് ഉദ്യോഗസ്ഥർക്ക് മതിയായ താമസ വിശ്രമ സൗകര്യം, കുടിവെള്ളം, മെസ് ഹാൾ, ആവശ്യമായ ശുചിമുറികൾ എന്നീ സൗകര്യങ്ങൾ ലഭ്യമാണ്. ഇവ മെച്ചപ്പെടുത്തുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡ് നടപടി സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ